**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 173** **22-06-2026-ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** നെടുങ്ങോലം രാമറാവു താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ പരിഗണനയിൽ ഉള്ള പദ്ധതികൾ വിശദമാക്കാമോ;

**മറുപടി:** എൻ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒ.പി.ഡി ട്രാൻസ്ഫർമേഷൻ, പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയുള്ള സർജിക്കൽ ബ്ലോക്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ എൻ.എച്ച്.എം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

**(ബി)** മെഡിക്കൽ,പാരാമെഡിക്കൽ വിഭാഗങ്ങളിലായി പ്രസ്തുത ആശുപത്രിയിൽ എത്ര ജീവനക്കാരുണ്ടെന്നും ഇത് താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണോ എന്നും വ്യക്തമാക്കാമോ;

**മറുപടി:** മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗങ്ങളിലായി സ്ഥിരം 48 തസ്തികകൾ നിലവിൽ ഉണ്ട്. സ്പെഷ്യാലിറ്റി ഡോക്ടർമാർ ഒഴികെയുള്ള തസ്തികകൾ താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേണിലുള്ളതല്ല.

**(സി)** നെടുങ്ങോലം രാമറാവു താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കാനാവശ്യമായ ഡോക്ടർമാരുടെ തസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ;

**മറുപടി:** ഉണ്ട്. ഗൈനക്കോളജി, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിൽ ജൂനിയർ കൺസൾട്ടന്റിന്റെ ഓരോ തസ്തിക വീതം സൃഷ്ടിച്ചിട്ടുണ്ട്.

**(ഡി)** നെടുങ്ങോലം രാമറാവു ഹോസ്പിറ്റലിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് ഉണ്ടോയെന്ന് അറിയിക്കാമോ?

**മറുപടി:** IPHS മാനദണ്ഡമനുസരിച്ച് രോഗികളുടെ സാന്ദ്രത, നിലവിലുള്ള ജീവനക്കാരുടെ ലഭ്യത, സേവന കേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി ഗ്യാപ് അനാലിസിസ് നടത്തി ഘട്ടം ഘട്ടമായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു

വരുന്നത്. ആയതിന്റെ ഭാഗമായി 23.12.2025 ലെ സ.ഉ(കൈ) നം. 436/2025/ആ.കു.വ പ്രകാരം കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -2, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്)-1, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**